സോമരാജൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ

38 [2690] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാകണമെന്നാണ് പുക്കിപ്പറമ്പ്, ഐങ്കൊമ്പ് ബസ് അപകടങ്ങൾ അന്വേഷിച്ച സോമരാജൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇതനുസരിച്ച് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന മുഴുവൻ ബസ്സുകളിലും ഈ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) മുഴുവൻ ബസ്സുകളിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) കമ്മീഷന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടതിനുശേഷം സമാന രീതിയിലുള്ള എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 22-10-1998-ൽ പാലായ്ക്കടുത്ത്, ഐങ്കൊമ്പ് എന്ന സ്ഥലത്ത് ഉണ്ടായ ബസ്സപകടത്തെക്കുറിച്ച് അന്നത്തെ ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. കെ. ജെ. ജോസഫും 11-3-2001-ൽ മലപ്പുറം ജില്ലയിലെ പുക്കിപ്പറമ്പ് എന്ന സ്ഥലത്ത് ഉണ്ടായ ബസ്സപകടത്തെക്കുറിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. കെ. പി. സോമരാജനുമാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. ഐങ്കൊമ്പ് ബസ്സപകടത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. കെ. ജെ. ജോസഫ് കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരുന്ന ബസ്സ് ബോഡി നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും എമർജൻസി വാതിലുകൾ നിർബന്ധമാക്കുകയും ചെയ്തു. പുക്കിപ്പറമ്പ് ബസ്സപകടത്തെക്കുറിച്ച് ശ്രീ. കെ. പി. സോമരാജൻ, ട്രാൻസ്പോർട്ട് കമ്മീഷണർ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ, പ്രൊപ്പല്ലർ ഷാഫ്റ്റ് പൊട്ടി ടീസൽ ടാങ്കിൽ ഇടിക്കുകയും അതുമൂലം ഡീസൽ ചോർച്ചയുണ്ടായി ഷാഫ്റ്റ് നിലത്തുകുത്തുമ്പോൾ ഉണ്ടാകുന്ന തീപ്പൊരിയിൽനിന്നും ഡീസലിന് തീപിടിക്കുകയും ചെയ്യുന്നത് ഒഴിവാക്കാനായി ഒരു ഇരുമ്പ് ബ്രായ്ക്കറ്റ് എല്ലാ ഹെവി, മീഡിയം വാഹനങ്ങളിലും ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 14-6-2002-ൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ആർ. ടി. ഒ./ജോയിന്റ് ആർ. ടി. ഒ.-മാർക്കും പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു സർക്കുലറും ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും ബസ്സിൽ ഇത്തരം സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമായാൽ നടപടി സ്വീകരിക്കാവുന്നതേയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബോഡിനിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുവാൻ എമർജൻസി വാതിലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. തീപ്പൊരിയിൽനിന്നും ഡീസലിന് തീപിടിക്കുന്നത് ഒഴിവാക്കാനായി ഇരുമ്പ് ബ്രായ്ക്കറ്റ് എല്ലാ ഹെവി, മീഡിയം വാഹനങ്ങളിലും ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളിൽ വേഗത നിയന്ത്രണ സംവിധാനം (സ്പീഡ് ഗവർണർ) ഘടിപ്പിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(ഇ) ഒന്ന്.

റോഡപകടങ്ങൾ

39 [2691] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വാഹനങ്ങളുടെ അമിതവേഗം, നിയമങ്ങൾ ലംഘിക്കൽ, മദ്യപിച്ച് വണ്ടി ഓടിക്കൽ, ലൈസൻസ് ഇല്ലാത്തവർ ഡ്രൈവിംഗ് നടത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ആവശ്യമായ പൊതുജന ബോധവൽക്കരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷാ കാര്യങ്ങളിൽ വരുത്തുന്ന വീഴ്ച റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്നത് കണക്കിലെടുത്ത് റോഡ് സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2002-2003 വർഷത്തിൽ സംസ്ഥാനത്ത് എത്ര റോഡ് അപകടങ്ങൾ ഉണ്ടായി; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(എഫ്) 2003 ഏപ്രിൽ മാസത്തിനുശേഷം ഉണ്ടായ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ജി) വിഷദ്രാവകങ്ങൾ, അപകടകാരികളായ രാസവസ്തുക്കൾ തുടങ്ങിയവ കൊണ്ടുപോകുന്ന വാഹനങ്ങളുടെ അപകടങ്ങൾമൂലം കൂടുതൽ ജനങ്ങൾക്ക് അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly